വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ദേശീയ ജലപാതയായതുകൊണ്ട് വളരെ ഉയരത്തിൽ ഈ പാലം പണിയണമെന്നുള്ള നിർദ്ദേശം വന്നു. ഇതിന്റെ എസ്റ്റിമേറ്റ് എഴുപതു ലക്ഷം രൂപയാണുള്ളത്. ഇപ്പോൾ അത് അഞ്ഞൂറ്റി ഇരുപത്തിനാല് ലക്ഷം രൂപയായി. ആ ഉയരത്തിൽത്തന്നെ വേറെ പാലങ്ങളുണ്ട്. ബഡ്ജറ്റിൽ രണ്ടുലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ കനാലിൽത്തന്നെ അടുത്തടുത്ത് വേറെ പാലങ്ങളുണ്ട്. ഇപ്പോൾ ടെംപററി ആയിട്ടെങ്കിലും അവിടെ പാലം പണിയുന്നതിനും പിന്നീട് കനാലിന്റെ വികസനം വരുമ്പോൾ അത്തരത്തിൽ പണിയാം എന്നുള്ള രീതിയിലും ഒരിക്കൽകൂടി ദേശീയ ജലപാതയുടെ അധികൃതരുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത് അടിയന്തിര നടപടിയെടുക്കുന്നതാണ്.

(6) സെൽഫ് ഫൈനാൻസിംഗ് കോളേജുകളിലെ എസ്.സി./എസ്.ടി വിദ്യാർത്ഥികളുടെ ഫീസ് ലഘൂകരിക്കുകയും ഏകീകരിക്കുകയും ചെയ്യേണ്ടത് സംബന്ധിച്ച്

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഭരണഘടനാപരമായി നിരവധി ആനുകൂല്യങ്ങൾക്കും അവകാശങ്ങൾക്കും അർഹതപ്പെട്ടവരാണ്, പ്രത്യേകിച്ചും വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ. നമ്മുടെ സംസ്ഥാനത്ത് സെൽഫ് ഫൈനാൻസിംഗ് കോളേജുകളിൽ ഈ വിഭാഗത്തിന്റെ അഡ്മിഷനുമായി ബന്ധപ്പെട്ടു നോക്കുമ്പോൾ ഫീസ് വളരെ ഭീമമാണ്. സാധാരണ മറ്റു കോളേജുകളിൽ ഒരു കുട്ടിക്കു നൽകേണ്ടി വരുന്നത് 1,650 രൂപയാണ്. ഇവിടെ 35,000 രൂപയാണ്. അതായത് മറ്റു കോളേജുകളിൽ ഇരുപത്തിയൊന്നു കുട്ടികൾക്കു കൊടുക്കേണ്ട ഫീസ് ഇവിടെ ഒരു കുട്ടിക്ക് കൊടുക്കേണ്ടിവരുന്നു. അത് ഈ വിഭാഗത്തെ സംബന്ധിച്ചിടത്തോളം സഹിക്കാൻ പറ്റാത്തതും ഭീമമായതുമാണ്. ഈ സർക്കാരിന് അതിന്റെ ബാദ്ധ്യത ഏറ്റെടുക്കേണ്ടി വരുന്നു. ഇക്കാര്യത്തിൽ ഭരണഘടനാപരമായ ആനുകൂല്യങ്ങൾക്ക് അർഹതപ്പെട്ടത് എന്ന പരിഗണന വച്ചുകൊണ്ട് ഇവർക്ക് ഇവിടെ ചുമത്തുന്ന ഫീസിന് മറ്റു കോളേജുകളുമായി ബന്ധപ്പെടുത്തിക്കൊണ്ട് ലഘൂകരണവും ഏകീകരണവും വരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഗവൺമെന്റ് സ്പോൺസേർഡ് കോളേജുകളിൽ ഫീസിന്റെ റേറ്റ് വർദ്ധിപ്പിച്ച് നിശ്ചയിച്ചിട്ടുണ്ട് എന്നുള്ളതു ശരിയാണ്. പക്ഷെ കൂടുതലായിട്ടുള്ള ഈ ഫീസ് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊടുക്കേണ്ടതില്ല. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പാണ് ഈ ഫീസ് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്.

(7) വൈദ്യുതി നിരക്ക് വർദ്ധന വ്യവസായങ്ങളെ ബാധിക്കുന്നതിനാൽ തൊഴിലാളികൾ ആരംഭിക്കുന്ന പ്രക്ഷോഭം സംബന്ധിച്ച്

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, വിദ്യുച്ഛക്തിയുമായി ബന്ധപ്പെട്ട നമ്മുടെ വ്യവസായങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ചാണ് ഞാൻ വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കേരളത്തിലെ വൈദ്യുതി ഉൽപ്പാദനരംഗത്ത് വൻതോതിലുള്ള ഉൽപാദന വർദ്ധനവ് ഈ കാലഘട്ടത്തിലാണുണ്ടായത് നമ്മൾ കഴിഞ്ഞ ദിവസം ഇവിടെ ചർച്ച ചെയ്തതാണ്. ഈ രാജ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിലെ ജനങ്ങൾ മുഴുവൻ അംഗീകരിച്ചിട്ടുള്ള കാര്യമാണ്. എ.ഡി. രണ്ടായിരാമാണ്ടാകുമ്പോഴേക്കും നമ്മൾ വൈദ്യുതിയുടെ സ്വയംപര്യാപ്തതയിലേക്ക് നീങ്ങുന്ന ആവേശകരമായ അനുഭവമാണ് നമ്മുടെ മുൻപിലുള്ളത്. വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചതിൽ കേരളത്തിലെ വ്യവസായങ്ങൾ നേരിടുന്ന ചില ഗൗരവമായ പ്രശ്നങ്ങളുണ്ട്. വ്യവസായങ്ങളെന്ന് പറയുമ്പോൾ പീഡിത വ്യവസായങ്ങൾ, നഷ്ടത്തിൽ നടന്നുവരുന്ന വ്യവസായങ്ങൾ, ബി.ഐ.എഫ്. ആർ-ന് റെഫർ ചെയ്തിട്ടുള്ള വ്യവസായങ്ങൾ, പുനരുദ്ധാരണത്തിനുവേണ്ടി പദ്ധതികൾ ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിച്ചിട്ട് കൂടുതൽ സഹായത്തിനു വേണ്ടി കാത്തിരിക്കുന്ന വ്യവസായങ്ങൾ, സേവനത്തുറയിലുള്ള വ്യവസായങ്ങൾ തുടങ്ങിയ പല തട്ടുകളിലുള്ള വ്യവസായങ്ങളാണ്. അതുപോലെ ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഈ വൈദ്യുതി നിരക്കിലുണ്ടായ താരിഫ് വർദ്ധന ചില വ്യവസായങ്ങൾക്ക് പിടിച്ചുനിൽക്കാൻ തന്നെ പ്രയാസമാണ്. ആഗോളവൽക്കരണത്തിന്റേയും കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിയ പുത്തൻ സാമ്പത്തിക പരിഷ്ക്കാരങ്ങളുടെയും അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്ത് പല വ്യവസായങ്ങളും പിടിച്ചുനിൽക്കാൻ ഇന്ന് വളരെയധികം പ്രയാസപ്പെട്ടുകൊണ്ടിരിക്കുകയാണ്. ടെക്സ്റ്റയിൽ വ്യവസായത്തിന്റേയും ആലുവാ മേഖലയിലെ വ്യവസായത്തിന്റേയുമൊക്കെ പ്രശ്നങ്ങൾ പല സന്ദർഭങ്ങളിലായി ഈ സഭയിൽ ഉന്നയിച്ചിരുന്നു. കേരളത്തിലെ പല പൊതു മേഖലാ വ്യവസായ സ്ഥാപനങ്ങളുൾപ്പെടെ പുതിയ താരിഫ് റേറ്റുമായി ബന്ധപ്പെട്ട് വരുമ്പോൾ വളരെയധികം പ്രയാസങ്ങൾ നേരിടേണ്ട സ്ഥിതിയുണ്ട്. എറണാകുളം മേഖലയിൽ എല്ലാ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും ഒരുമിച്ചുനിന്നുകൊണ്ട് ഈ പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വിദ്യുച്ഛക്തി നിരക്കിലെ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ വ്യവസായങ്ങൾ അടച്ചുപൂട്ടുന്ന ഒരു സ്ഥിതി ഒഴിവാക്കും, അതിനുവേണ്ടി ഗവൺമെന്റ് നടപടിയെടുക്കും എന്നൊക്കെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഞാൻ ആ നടപടിയെ സ്വാഗതം ചെയ്യുകയാണ്. അതുകൊണ്ട് ഈ വ്യവസായങ്ങളെ പരിശോധിച്ച് അതിന്റെ ക്ലാസിഫിക്കേഷൻ നടത്തി വളരെ തകർച്ച നേരിടുന്ന വ്യവസായങ്ങളെ, പ്രത്യേകിച്ച് ബി.ഐ.എഫ്.ആറിന് റെഫർ ചെയ്തതും പുനരുദ്ധാരണത്തിനുവേണ്ടി നിൽക്കുന്നതും പീഡിതവുമായ വ്യവസായങ്ങളെ പ്രത്യേകമായ ഇളവുകൾ അനുവദിച്ച് ഈ താരിഫ് റേറ്റിൽനിന്നും ഒഴിവാക്കി ആ വ്യവസായങ്ങൾക്ക് പിടിച്ചുനിൽക്കാനും നടത്തിക്കൊണ്ടു പോകാനുമുള്ള അവസരമുണ്ടാകണം. അതിന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രി നടപടിയെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, 15-5-1999-ന് തൊട്ട് മുൻപുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് ഉപഭോക്താക്കൾക്ക് ബോർഡ് വൈദ്യുതി വിറ്റിരുന്നത് ശരാശരി യൂണിറ്റ് ഒന്നിന് 1.44 പൈസയായിരുന്നു എന്നാണ്. അതേസമയം ഒരു യൂണിറ്റ് വൈദ്യുതിക്കു വേണ്ടി ബോർഡ് താപനിലയങ്ങളെ ആശ്രയിക്കേണ്ടിവന്നതിന്റെ ഫലമായി പിന്നീട് ചെലവാക്കേണ്ടിവന്നത് 1.99 പൈസയാണ്. ഇതുപ്രകാരം യൂണിറ്റ് ഒന്നിന് 55 പൈസ ബോർഡിന് നഷ്ടം സഹിക്കേണ്ട സാഹചര്യമുണ്ടായി. 15.5.1999 മുതൽ താരിഫ് വർദ്ധനവ് ഏർപ്പെടുത്താൻ നിർബന്ധിതമായത് ഈ സാഹചര്യത്തിലാണ്. ഹൈടെൻഷൻ എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളായ വ്യവസായികളുടെ സംഘടനയുമായും ബഹുമാനപ്പെട്ട മെമ്പർ രാജേന്ദ്രൻ ചൂണ്ടിക്കാണിച്ച എറണാകുളത്തെ സംയുക്ത ട്രേഡ് യൂണിയൻ ആക്ഷൻ കൗൺസിലുമായും നടത്തിയ ചർച്ചയുടെ പശ്ചാത്തലത്തിൽ കൂടി

LIBRARY ARCHIVES Kerala Legislative Assembly

യായിരുന്നു ഈ വിഭാഗത്തിന് ഏർപ്പെടുത്തിയ നിരക്ക് വർദ്ധനയിൽ കുറവുവ രുത്തണമെന്ന് കണ്ടുകൊണ്ട് 5% താരിഫ് നിരക്കിൽ കുറവു വരുത്തിയത്. ഇതിന് 15.5.1999 മുതൽ തന്നെ പ്രാബല്യം നൽകിയിട്ടുണ്ട്. അതുപോലെ സംയുക്ത ട്രേഡ് യൂണിയനുകൾ ആവശ്യപ്പെട്ടുപോന്നിരുന്നതും അതായിരു ന്നു. ടി.ഒ.ഡി മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ള ഇ.എച്ച്.ടി ഉപഭോക്താ ക്കൾക്ക് അവരുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു എന്ന പരാതി പരിഗണിച്ച് പീക്ക് ലോഡ് സമയത്ത് പിഴ പ്രൊറേറ്റോ അടിസ്ഥാനത്തിൽ മതി യെന്നും 33¼ ശതമാനത്തിന് മുകളിലുള്ള ഉപഭോഗത്തിന് മാത്രം ഇൻസെന്റീവ് നൽകിയിരുന്ന സ്ഥാനത്ത് 30%-ത്തിന് മുകളിൽവരുന്ന ഉപഭോ ഗത്തിന് മുഴുവൻ ഇൻസെന്റീവ് നൽകാമെന്ന് ഉത്തരവാകുകയും ചെയ്തിട്ടു ണ്ട്. കൂടാതെ റിക്കോർഡ് മാക്സിമം ഡിമാന്റിനേക്കാൾ കോൺട്രാക്ട് കൂടി യാൽ അധികം ചെലവാക്കുന്ന വൈദ്യുതിക്ക് 50% അധിക ചാർജ്ജ് ഈടാക്കി യിരുന്നത് നിർത്തലാക്കി. അതിന് സാധാരണ നിരക്ക് നൽകിയാൽ മതിയെന്ന് ഉത്തരവായിട്ടുണ്ട്. ഈ പറഞ്ഞ ഇളവുകൾക്ക് എല്ലാം 1.7.1999 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. ഇങ്ങനെ നോക്കുമ്പോൾ എച്ച്.ടി., ഇ.എച്ച്.ടി. വ്യവസായങ്ങൾക്ക് ഏകദേശം പത്ത് ശതമാനത്തോളം ഇളവിന്റെ ആനു കൂല്യം മൊത്തത്തിൽ ലഭിച്ചിട്ടുണ്ടെന്ന് കാണാം. നിരക്ക് വർദ്ധനവിനുശേ ഷവും അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലേത് ഏറ്റവും കുറ ഞ്ഞതാണെന്നുള്ള കാര്യം ഇതിനകം വ്യക്തമാക്കിയിട്ടുള്ളതാണ്. നിരക്ക് വർദ്ധനവ് ഏർപ്പെടുത്തുന്നതിന് മുൻപുതന്നെ പല വ്യവസായസ്ഥാപനങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ഇറക്കുമതിനയം കൊണ്ടും ഉദാരവൽക്കരണ പോളിസിമൂലവും പ്രതിസന്ധിയിലായിരുന്നു. താരിഫ് വർദ്ധനവുകൊണ്ടു മാത്രം വ്യവസായങ്ങൾക്ക് മുൻപെങ്ങുമില്ലാത്ത പ്രതിസന്ധിയുണ്ടായിട്ടുള്ള തായി സർക്കാർ കരുതുന്നില്ല. എന്നാൽ താരിഫ് വർദ്ധനവു കൊണ്ടുമാത്രം ഏതെങ്കിലും വ്യവസായം അടച്ചുപൂട്ടേണ്ടി വരുന്ന സാഹചര്യമുണ്ടാകാൻ അനുവദിക്കുകയില്ലെന്നും ഇതിനകംതന്നെ സർക്കാർ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

(8) സചിവോത്തമപുരം പട്ടികജാതി കോളനിയിൽ 11 കെ.വി. ലൈൻ വലിക്കുന്നതിനെതിരെയുള്ള സമരം

<u>ശ്രീ. സി.എഫ്. തോമസ്</u> : സർ, ചങ്ങനാശ്ശേരി നിയോജകമണ്ഡല ത്തിൽ കുറിച്ചി പഞ്ചായത്തിൽ സചിവോത്തമപുരം പട്ടികജാതി കോളനിയിൽ ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നരീതിയിൽ 11 കെ.വി.ലൈൻ വലിക്കരുതെന്നാവ ശ്യപ്പെട്ട് കോളനി നിവാസികൾ സമരമാരംഭിച്ചിരിക്കുകയാണ്. ജൂൺ 21-ന് തുടങ്ങിയ സമരമാണ്. കഴിഞ്ഞ ദിവസം കുറിച്ചി പഞ്ചായത്തിൽ ഹർത്താൽ ആയിരുന്നു. തുടർച്ചയായി അവിടെ നിരാഹാര സത്യഗ്രഹവും നടക്കുകയാ ണ്. സി.എസ്. ജയൻ, സി. വി. ഉദയകുമാർ എന്നിവരെ ആശുപത്രിയിലേക്ക് മാറ്റി. സി.കെ. ബിജുകുമാർ ഇപ്പോൾ നിരാഹാര സമരം തുടരുകയാണ്. കോട്ടയം ജില്ലാ കളക്ടർ ഇതുസംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളുടെ ഒരു കോൺഫറൻസ് അടിയന്തിരമായി വിളിച്ചുകൂട്ടി ഈ പ്രശ്നം രമ്യമായി പരിഹ രിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ)</u> : സർ, ശ്രീമതി സുനിതാ ജോസ് കല്ലിശ്ശേരി എന്ന അപേക്ഷക തന്റെ ഉടമസ്ഥ തയിലുള്ള എസ്.എസ്.ഐ.യൂണിറ്റിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly